## പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ.2387**

**08.12.2015-ൽ മറുപടിയ്ക്ക്**

## ട്രാവൻകൂർ സിമന്റ്സ്

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.** എളമരം കരീം | **ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)** |
| **(എ)** ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡിന്റെ നിലവിലെ അവസ്ഥ ലാഭകരമാണോയെന്ന് വ്യക്തമാക്കുമോ; | **(എ)** 2000-01 സാമ്പത്തികവർഷം മുതൽ ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ് തുടർച്ചയായി നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. |
| **(ബി)** പ്രസ്തുത സ്ഥാപനം ലാഭകരമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നാണ് വാഗ്ദാനം ചെയ്തത്; വ്യക്തമാക്കുമോ ; ആയത് നടപ്പിലാക്കിയിട്ടുണ്ടോ; | **(ബി)** ട്രാവൻകൂർ സിമന്റ്സ് ലാഭകരമാക്കുന്നതിനുവേണ്ടി താഴെ പറയുന്ന പദ്ധതികൾ പ്രാവർത്തികമാക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br>1. മെച്ചപ്പെട്ട ഉൽപ്പാദന ക്ഷമതയ്ക്കായി പ്ലാന്റുകളുടെ നവീകരണം<br>2. ഉൽപ്പാദന വൈവിധ്യവൽക്കരണം: ഗ്രേ സിമന്റ്, റെഡി മിക്സ്, ഡ്രൈ മോർട്ടാർ, പ്രൈമേഴ്സ് ആന്റ് പെയിന്റ്സ് മുതലായവ.<br>3. ദക്ഷിണേന്ത്യയിൽ മുഴുവൻ പുതിയ സ്റ്റോക്കിസ്റ്റുകളേയും, സി & എഫ് ഏജന്റുമാരേയും നിയമിച്ച് വിപണനം മെച്ചപ്പെടുത്തുക.<br>4. പ്രോജക്ട് ഡിവിഷന്റെ വൈവിധ്യവൽക്കരണം: അണക്കെട്ടുകളിലെ ചെളി നീക്കം ചെയ്യുക, തുറമുഖങ്ങളുടെ ആഴംകൂട്ടൽ, ഉൾനാടൻ ജല ഗതാഗത പാതയുടെ ആഴം കൂട്ടൽ, വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ സൗന്ദര്യവൽക്കരണം, ജലസേചന പദ്ധതികളുടെ അണക്കെട്ടുകളുടെ ആഴംകൂട്ടൽ.<br><br>കമ്പനിയിൽ നിലവിലുള്ള സാങ്കേതിക വിദ്യ ഉപയോഗിച്ച് ഉൽപ്പാദന ചിലവും, ജീവനക്കാരുടെ എണ്ണവും ഒരു പരിധിവരെ കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്. വൈദ്യുതി ചെലവ് കുറയ്ക്കുന്നതിനും, |

ഊർജ്ജ സംരക്ഷണത്തിനും ജീവനക്കാരുടെ എണ്ണം കുറയ്ക്കുന്നതിലേയ്ക്കായി ഒരു സിമന്റ് മില്ല്, ഹൈ ക്രോം മില്ലായി മാറ്റുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. ദക്ഷിണേന്ത്യയിൽ മുഴുവൻ വിപണന കേന്ദ്രങ്ങൾ തുറക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ട്രാവൻകൂർ സിമന്റ്സിന്റെ അധിക വരുമാന ആവശ്യത്തിലേയ്ക്കായി സിമന്റ് ഉൽപ്പാദനത്തിനു പുറമേ ഖനന മേഖലകളിലും (dredging) പ്രവർത്തനം ആരംഭിക്കാൻ തുടക്കമിട്ടിട്ടുണ്ട്.

ഇപ്പോൾ ആക്കുളം കായലിന്റെ നവീകരണ ജോലികൾ, തോട്ടപ്പള്ളി മത്സ്യബന്ധന തുറമുഖത്തിന്റെ ആഴംകൂട്ടൽ കമ്പനി ഏറ്റെടുത്ത് നടത്തുന്നുണ്ട്. കൂടാതെ, ഇടുക്കി ജില്ലയിലെ ലോവർ പെരിയാർ, കല്ലാർകുട്ടി, അയ്യപ്പൻ കോവിൽ എന്നീ ജലസംഭരണികളിലെ മാലിന്യങ്ങൾ നീക്കം ചെയ്യുന്ന പദ്ധതികളും നടത്താൻ കമ്പനി ആരംഭിച്ചിരിക്കുന്നു. കൂടാതെ വേമ്പനാട് ബ്രാന്റ് എന്ന പേരിൽ ഗ്രേ സിമന്റ്, കോൺക്രീറ്റ് റെഡി മിക്സ്, സിമന്റ് മോർട്ടാർ എന്നിവ വിപണനം ചെയ്യാനുള്ള നടപടികൾ ആരംഭിച്ചു. ഈ വക പ്രക്രിയയിലൂടെ കമ്പനി സമീപ കാലങ്ങളിൽ ലാഭകരമാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**(സി)** പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സഹായം ആവശ്യപ്പെട്ടിരുന്നുവോ ; പ്രസ്തുത സഹായം നല്കാൻ സാദ്ധ്യമായിട്ടുണ്ടോ ; വ്യക്തമാക്കുമോ ?

**(സി)** ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സർക്കാർ അനുവദിച്ച സഹായത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | തുക (ലക്ഷത്തിൽ) | ഉദ്ദേശം |
|---|---|---|
| 2006-07 | 250 | |
| 2007-08 | 111 | 11 lakhs – പി.എഫ് കുടിശ്ശിക, 100 lakh – ഡ്രഡ്ജറിന്റെ അറ്റകുറ്റപ്പണിയും, പരസ്യവും |
| 2008-09 | 0 | |
| 2009-10 | 0 | |
| 2010-11 | 250 | പ്രവർത്തന മൂലധനം |
| 2011-12 | 300 | പ്രവർത്തന മൂലധനം |
| 2012-13 | 300 | പ്രവർത്തന മൂലധനം |
| 2013-14 | 443 | 400 ലക്ഷം – മുതൽ മുടക്ക് 43 ലക്ഷം പ്രവർത്തന |

| | | |
|---|---|---|
| | | മൂലധനം |
| 2014-15 | 400 | പ്രവർത്തന മൂലധനം |
| 2015-16 | 200 | പ്രവർത്തന മൂലധനം |

ട്രാവൻകൂർ സിമന്റ്സിന് പ്രവർത്തന മൂലധനമായി സർക്കാർ 4 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ആയതിൽ നിന്ന് ആദ്യ ഗഡുവായി 2 കോടി രൂപ നൽകുകയും ചെയ്തു.

സെക്ഷൻ ഓഫീസർ